മി. സ്പീക്കർ : അബ്കാരിയുടെ വരുമാനമാണ് ചോദ്യം.

ശ്രീ. കെ. നാരായണക്കുറുപ്പ് : ഗവൺമെൻറ് വിതരണം ചെയ്യുന്ന ചാരായത്തിൽ അനുംപ്പെടുന്നില്ലെന്നാണ് പറഞ്ഞത്. മായം ഉള്ള ചാരായം ഉണ്ടാക്കി ഉപയോഗിക്കുന്നുണ്ടോ എന്നറിയില്ല; ഉണ്ടെങ്കിൽ അന്വേഷിക്കാം.

കെ.എസ്.ആർ.ടി.സി.യുടെ "സ്റ്റുഡൻസ് ഒൺലി" ബസ്സുകൾ

*532 [564] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

,, കെ. രാഘവൻ മാസ്റ്റർ:

,, പി. ബാലൻ:

,, എം. വി. രാജൻ:

,, ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. "സ്റ്റുഡൻസ് ഒൺലി" ബസ്സുകൾ ഓടിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(സി) സ്റ്റുഡൻസ് ഒൺലി ബസ്സുകളുടെ അപര്യാപ്തതമൂലം യാത്രാക്ലേശം വർദ്ധിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) ഉണ്ട്.

(ബി) പ്രധാനമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിലാണ് ഇവ ഓടിക്കുന്നത്. തിരുവനന്തപുരം സിറ്റിയിൽ മാത്രം 110 സ്റ്റുഡൻസ് ഒൺലി ട്രിപ്പുകൾ ദിവസവും ഓടിക്കുന്നുണ്ട്. സ്റ്റേറേറ് ഒട്ടുക്കുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) അങ്ങനെ പരാതികൾ ഉണ്ടാകാറുണ്ട്. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ സർവ്വീസുകൾ ഇതിലേക്കുമാത്രം നടത്താൻ കഴിയുകയില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കോഴിക്കോട്–വയനാട് റൂട്ട് ദേശസാൽക്കരിച്ചശേഷം വയനാട്ടിൽ വേണ്ടത്ര ബസ്സുകളില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടനുഭവപ്പെടുന്ന കാര്യം പലപ്പോഴും ഗവൺമെൻറിന്റെ ശദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് അത്യാവശ്യമായി പോകാനുള്ള ബസ്സുകളില്ലെന്നുള്ളതു പരിഗണിച്ച് കൂടുതൽ ബസ്സുകളിടുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മൊത്തം യാത്രക്കാർക്കു വേണ്ടി ബസ്സോടിക്കുന്നതിൽ ബുദ്ധിമുട്ടില്ല. അതിനു നടപടിയെടുത്തിട്ടുണ്ട്. അടുത്തകാലത്തുതന്നെ കൂടുതൽ ബസ്സുകൾ കൊടുത്തിട്ടുണ്ട്. ഇനിയും കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ: റൂട്ടുകളും ദേശവൽക്കരിച്ചതുകാരണം മാനന്തവാടി, മേപ്പാടി, കല്പറ്റ പോലെയുള്ള പ്രദേശങ്ങളിൽനിന്നും കുട്ടികൾക്ക് ബത്തേരിയിലുള്ള കോളേജിൽ പോകാൻ വളരെ പ്രയാസം നേരിടുന്നതുകൊണ്ട് അതിനാവശ്യമായ ബസ്സുകളും നൽകുമോ എന്നാണ് ചോദിച്ചത്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്റ്റുഡൻസ് ഒൺലി ബസ്സുകളും ഓടിക്കുന്നതിനു ബുദ്ധിമുട്ടുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. പി. ബാലൻ: സ്റ്റുഡൻസ് ഒൺലി ബസ്സുകളും എവിടെയൊക്കെയാണ് ഓടിക്കുന്നത് എന്നുപോലും സർക്കാരിന് അറിയില്ല, സ്റ്റേറ്റ് ഒട്ടുക്ക് ഓടിക്കുന്നതിന്റെ കണക്കുപോലും കയ്യിലില്ലെന്ന് മന്ത്രി പറഞ്ഞു. തിരു-കൊച്ചി ഭാഗത്തെ വിദ്യാർത്ഥികളും അനുഭവിക്കുന്ന ഈ ആനുകൂല്യം ട്രാൻസ്പോർട്ട് ബസ്സുകളിലെ കൺസഷൻ മലബാറിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കുകൂടി നടപ്പാക്കാമോ; ഈ സഭയിൽ തന്നെ പല പ്രാവശ്യം മന്ത്രിതന്നെ ഉറപ്പ് നൽകിയിട്ടുള്ളതാണ്. അത് കുറുപ്പിന്റെ ഉറപ്പാകാതെയിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കുറുപ്പിന്റെ ഉറപ്പ് പരിശോധിച്ച് നോക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും എല്ലാ ബസ്സുകളിലും കുട്ടികൾക്ക് കൺസഷൻ കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. ഒറ്റ വണ്ടി മാത്രം ഓടുന്ന റൂട്ടുകളിൽ കുട്ടികൾക്ക് കൺസഷൻ കൊടുത്താൽ, അത് ബുദ്ധിമുട്ടാകും. ഒന്നിൽക്കൂടുതൽ ബസ്സുകൾ ഓടുന്ന മലബാറിലും പഴയ കൊച്ചിയിലും തിരുവിതാംകൂറിലും വ്യത്യാസമില്ലാതെ കൺസഷൻ കൊടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. പി. ബാലൻ: സർ, അനുഭവത്തിൽ കിട്ടാറില്ല. സ്റ്റുഡൻസ് ഒൺലി ബസ്സുപോലും മലബാർ ഭാഗത്ത് ഓടിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്റ്റുഡൻസ് ഒൺലി ബസ്സുകൾ വേണമെന്നില്ല, അല്ലാത്ത ബസ്സുകളിലും കൺസഷൻ കൊടുക്കുന്നുണ്ട്. സ്റ്റുഡൻസ് ഒൺലി ബസ്സുകൾ മതി എന്നുവച്ചാൽ അതേ സമയത്ത് മറ്റുള്ള യാത്രക്കാർ കയറാൻ വന്നാൽ കുട്ടികൾ സാധാരണ സമ്മതിക്കാത്തതുകൊണ്ടാണ് പ്രത്യേക പേരു കൊടുക്കേണ്ട എന്നു വിചാരിച്ചത്.

ശ്രീ. എം. വി. രാജൻ: സ്റ്റുഡൻസ് ഒൺലി എന്ന ബസ്സുകൾ മലബാറിൽ ഇതേവരെ അറിയപ്പെട്ടിട്ടില്ല. അതുകൊണ്ട് കാണുന്നതിനു വേണ്ടി ഒരു ട്രിപ്പ് തിരുവനന്തപുരത്തുനിന്നു കാസർകോടുവരെ സ്റ്റുഡൻസ് ഒൺലി എന്നുള്ള ബസ് ഓടിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, കാഴ്ചക്കുവേണ്ടി ഓടിക്കാം. പക്ഷെ വലിയ ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മാനിച്ചുകൊണ്ട് ഒന്നോ രണ്ടോ സ്റ്റുഡൻസ് ഒൺലി ബസ്സുകളും എങ്കിലും മലബാർ ഭാഗത്ത് കോഴിക്കോടുനിന്നോ കണ്ണൂരിൽനിന്നോ ഓടിക്കാം.

ശ്രീ. ടി. എച്ച്. മുസ്തഫ: യാത്രക്കാർക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ആലുവാ-പെരുമ്പാവൂർ റൂട്ടിലും എറണാകുളം-പെരുമ്പാവൂർ റൂട്ടിലും ഓരോ സ്റ്റുഡൻസ് ഒൺലി ബസ്സുകളെങ്കിലും ആരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: തീർച്ചയായും പരിശോധിക്കാം.

ശ്രീ. പി. സി. ജോസഫ്: വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം തീരെ അപര്യാപ്തമാണെന്നതു കണക്കിലെടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ട്രാൻസ്പോർട്ട് വകുപ്പിന്റെ പഴയ ബസ്സുകൾ സൗജന്യ നിരക്കിൽ കൊടുക്കുന്നതിന് ദയവുണ്ടാകുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ നിയമസഭയിൽത്തന്നെ ആവർത്തിച്ചിട്ടുള്ളതാണ്. വളരെ വളരെ വിലകുറച്ച് ഈ സ്ഥാപനങ്ങൾക്ക് കൊടുക്കാമെന്നും ആ വില പല പ്രാവശ്യമായി അടച്ചാൽ മതി എന്നും ആ തുക കയ്യിൽനിന്നും കൊടുക്കാതിരിക്കാൻവേണ്ടി അവധിക്കാലത്ത് സ്പെഷ്യൽ ട്രിപ്പ് നടത്താനുള്ള അനുവാദം കൊടുക്കാമെന്നും എല്ലാം പറഞ്ഞിട്ടും വിദ്യാലയാധികൃതർ അതിന് ഒരുങ്ങുന്നില്ല. കാരണം ഈ ബസ് വാങ്ങിയാൽ എത്രകാലം അതു നിൽക്കുമെന്നും അതു സൂക്ഷിക്കാനുള്ള ബുദ്ധിമുട്ടുമൊക്കെ കണക്കിലെടുത്തായിരിക്കണം. കുട്ടികൾക്കു കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ ഞങ്ങളും പരിശ്രമിക്കുമ്പോൾ കൂടുതൽ കൂടുതൽ ബസ്സുകൾ നഷ്ടപ്പെടുത്താതെയിരിക്കാൻ അവർ തീരുമാനിക്കുകയാണെങ്കിൽ അടുത്തവർഷം മുതൽ യാത്രക്ക് ക്ലേശം ഉണ്ടാകുകയില്ലെന്ന് ഉറപ്പു പറയാൻ സാധിക്കും.

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ, കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ സ്റ്റുഡൻസ് ഒൺലി ബസ്സുകൾ ഇല്ലെന്നു പറഞ്ഞു. പല അവസരത്തിലും സ്റ്റുഡൻസ് ഒൺലി ബസ്സുകൾ വന്നു നിർത്തിക്കഴിയുമ്പോൾ ആൺകുട്ടികൾ ഇടിച്ചു കയറുന്നതിനാൽ പെൺകുട്ടികൾക്കു യാത്രചെയ്യാൻ കഴിയാതെ വരും. അതുപരിഗണിച്ച് സ്റ്റുഡൻസ് ഒൺലി ബസ്സുകളും ലേഡീസ് ഒൺലി ബസ്സുകളും ഏർപ്പെടുത്താൻ പ്രത്യേക നടപടി സ്വീകരിക്കാമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്റ്റുഡൻസ് ഒൺലി ബസ്സുകളിൽ കൂടുതൽ പെൺകുട്ടികളാണ് കയറുന്നത്. ഇടി ആർക്കാണ് കൂടുതൽ വശം എന്നുള്ളത് ആലോചിക്കേണ്ടിയിരിക്കുന്നു. അതുമാത്രമല്ല, പെൺകുട്ടികൾക്ക് പ്രത്യേകം ആൺകുട്ടികൾക്ക് പ്രത്യേകം ഇങ്ങനെ പ്രത്യേകം പ്രത്യേകം ബസ്സുകൾ ഇടുന്നത് തെറ്റാണെന്ന ഒരു വ്യാഖ്യാനം വന്നിട്ടുണ്ട്. രണ്ടുകൂട്ടർക്കും ഒന്നിച്ചുയാത്ര ചെയ്യുന്നതാണ് കൂടുതൽ സൗകര്യം. അതുകൊണ്ട് ആ രീതിയെപ്പറ്റിയേ ഇപ്പോൾ ആലോചിക്കാൻ കഴിയുകയുള്ളു.

ശ്രീ. ഒ. ലൂക്കോസ്: സ്റ്റുഡൻസ് ഒൺലി ബസ്സുകൾ ഓടുന്ന റൂട്ടുകളിൽ ലേഡീസ് ഒൺലി, ബോയ്സ് ഒൺലി ബസ്സുകൾ ഓടുന്നതിന്റെ അടിസ്ഥാനത്തിൽ പല സ്ഥലത്തുനിന്നും പരാതികൾ ഉണ്ടാകുകയും കുട്ടികൾ ബസ്സുകൾ തടഞ്ഞുനിറുത്തുകയും ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ശരിയാണ്. ഒന്നിച്ചുവരുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം വണ്ടികളിൽ സഞ്ചരിക്കേണ്ടിവന്നാൽ വളരെ ബുദ്ധിമുട്ടുണ്ടാകും. അതേപ്പറ്റി ഗവൺമെന്റ് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കരുണാകരൻ: മലബാറിൽ സ്റ്റുഡൻസ് ഒൺലി ബസ്സുകളും ഇല്ല. അതിനുപകരം കൺസഷൻ കൊടുക്കുന്നുണ്ടെന്നാണ് പറഞ്ഞത്. ആ വസ്തുത ശരിയല്ല. കണ്ണൂർ ജില്ലയിൽ ഒറ്റ ബസ്സിലും കൺസഷൻ കൊടുക്കുന്നില്ല. അതുകൊണ്ട് കുറുപ്പിന്റെ ഉറപ്പ് പാലിക്കാൻ കുറുപ്പ് തയ്യാറാണോ; ഇനിയെങ്കിലും കണ്ണൂർ ജില്ലയിലെ ബസ്സുകളിൽ സ്റ്റുഡൻസിന് കൺസഷൻ കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൺസഷൻ കൊടുക്കുന്നുണ്ടോ ഇല്ലയോ എന്നതിന്റെ പരമാർത്ഥസ്ഥിതി അറിഞ്ഞ് . അതിന്റെ അടിസ്ഥാനത്തിൽ കുറുപ്പിന്റെ ഉറപ്പ് ഉറപ്പാണോ എന്നു കണക്കാക്കിയാൽ മതി.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഒരു ബസ് മാത്രം ഓടുന്ന റൂട്ടുകളിൽ കൺസഷൻ കൊടുക്കുന്നില്ലെന്ന്. ഒരു ബസ് മാത്രം ഓടുന്ന റൂട്ടുകളിലും കൺസഷൻ കൊടുക്കുന്നുണ്ട്. അത് ഈ സംസ്ഥാനത്ത് വ്യാപകമായി, എല്ലാ സ്ഥലത്തും ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഒരു ബസ് മാത്രം ഓടുന്ന റൂട്ടുകളിലും അവിടത്തെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം പരിഗണിച്ച് ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എല്ലായിടത്തും വ്യാപകമാക്കാൻ പരിശ്രമിക്കുന്നതാണ്. ഒരു ബസ് മാത്രം ഓടുന്ന റൂട്ടുകളിൽ കൺസഷൻ കൊടുത്താൽ, മിക്കവാറും പഴയ ബസ്സുകൾ മാത്രം ഓടിക്കുന്ന ഈ കോർപ്പറേഷന്റെ ബസ്സുകളിൽ യഥാസമയം കുട്ടികൾക്ക് വിദ്യാലയങ്ങളിൽ ചെന്നെത്താൻ കഴിയാതെ പോയാൽ അതൊരു ബുദ്ധിമുട്ടാകും. അവർക്കു മറ്റൊരു വണ്ടിയിൽ കയറി പോകാൻ ഒക്കുകയില്ല. അതുകൊണ്ട് അങ്ങനെ നിർബന്ധമുള്ളിടത്ത് കൂടുതൽ ബസ്സുകൾ ഇട്ട് അവിടെ കൺസഷൻ കൊടുക്കാൻ ശ്രമിക്കാം.

ശ്രീ. കെ. വി. വാമദേവൻ: കോർപ്പറേഷൻ നൽകുന്ന പഴയ ബസ്സുകൾ ഏറ്റുവാങ്ങി, വിദ്യാർത്ഥികൾക്കു മാത്രം ട്രിപ്പ് നടത്താൻ വിദ്യാഭ്യാസസ്ഥാപനങ്ങൾ അലംഭാവം കാണിക്കുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ-സാംസ്കാരിക സംഘടനകളുടെ വാളന്റിറി ഓർഗനൈസേഷൻ ഈ ചുമതല ഏറ്റെടുക്കാമെന്നു സമ്മതിച്ചാൽ അവർക്ക് ഈ ആനുകൂല്യം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വിദ്യാഭ്യാസസ്ഥാപനങ്ങൾ അലംഭാവം കാണിക്കുന്നുവെന്നു പറയുന്നത് ശരിയല്ല. ബസ്സുകൾ വാങ്ങിച്ചാൽ അത് സംരക്ഷിക്കുന്നതിന് അവരെക്കൊണ്ടു സാധിക്കുമോ എന്ന ഭയംകൊണ്ടാണ്. ഗവർമ്മെണ്ടിന് അങ്ങനെ ഭയന്നിട്ട് കാര്യമില്ല എന്നതുകൊണ്ട് ഓടിക്കുകയാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു വേണ്ടിയിട്ടാണെന്ന ഉറപ്പ് വരുത്തുകയും അതിനുവേണ്ട കാശ് അടയ്ക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്താൽ ആര് അപേക്ഷിച്ചാലും ബസ്സുകൾ കൊടുക്കും.

ശ്രീ. ലോനപ്പൻ നമ്പാടൻ: അദ്ധ്യാപകരുടെ സൗകര്യത്തെകൂടി കണക്കിലെടുത്ത് സ്റ്റുഡൻസ് ഒൺലി എന്നത്, സ്റ്റുഡൻസ് ആൻഡ് ടീച്ചേഴ്സ് ഒൺലി എന്നാക്കാൻ ഗവർമ്മെണ്ട് നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ മാത്രം കോളേജിലും സ്കൂളിലും പോയാൽ പോര അദ്ധ്യാപകർകൂടി ഉണ്ടായാലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സമയത്തു നടത്താൻ ഒക്കുകയുള്ളൂ.

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ കൊടുത്താൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ഭാഗത്തുനിന്നും സമരം ഉണ്ടാകുമെന്ന് ഭയന്നാണ് കൊടുക്കാത്തത്. അവർക്കു പ്രത്യേകം 'ഒൺലി' കൊടുക്കാൻ ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. പി. വി കുഞ്ഞിക്കണ്ണൻ: സ്റ്റുഡൻസിന് കൺസഷൻ കൊടുക്കുന്ന കാര്യത്തെപ്പറ്റി മന്ത്രി പറഞ്ഞു. കാരണം ഈ കൺസഷൻ സ്റ്റേറ്റിൽ ഒട്ടാകെ ഉണ്ടെന്നു പറഞ്ഞു. കോഴിക്കോട് ജില്ലയിൽ ഒരു കുട്ടിക്കുകൂടി കൊടുക്കുന്നില്ലെന്നതാണ് വാസ്തവം. അതു ഒരു ജനപ്രതിനിധി പറഞ്ഞാൽ കുറുപ്പും ഉപ്പും എന്നൊക്കെ തട്ടിപ്പ് പറയുന്ന സമ്പ്രദായം ഒന്ന് അവസാനിപ്പിക്കാമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ കൊടുക്കുന്നില്ലെങ്കിൽ കൊടുത്തിട്ട് ഉപ്പ് വരുത്താമെന്നാണ് പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. എം. ചടയൻ ഗോവിന്ദൻ: ദേശവൽക്കൃത റൂട്ടുകളിൽ സ്റ്റുഡൻസ് ഒൺലി ബസ്സുകൾ ഓടുന്നുണ്ടെന്ന് ബഹുമാന്യപ്പെട്ട മന്ത്രി പറയുകയുണ്ടായി. കണ്ണൂർ ജില്ലയിൽ ദേശവൽക്കൃത റൂട്ടുകളിൽ സ്റ്റുഡൻസ് ഒൺലി ബസ്സുകൾ ഓടുന്നുണ്ടോ ? ഇല്ലെങ്കിൽ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മലബാർ ഭാഗത്ത് ഇല്ല എന്നാണ് പറഞ്ഞത്. ഇല്ലെങ്കിൽ അവിടെ ഇന്നേവരെ കാണാൻ കഴിയാതെ പോയ സങ്കടം രേഖപ്പെടുത്തുകയാണ് ചെയ്തത്. തീർച്ചയായും കണ്ണൂരിനും കോഴിക്കോടിനും ഒന്നോ രണ്ടോ എങ്കിലും സ്റ്റുഡൻസ് ഒൺലി കൊടുക്കാം എന്നാണ് പറഞ്ഞത്.

ഡോ. കെ സി. ജോസഫ്: മലബാർ പ്രദേശങ്ങളിലെ ദേശവൽക്കൃത റൂട്ടുകളിൽ മിക്കവാറും സ്കൂൾ സമയങ്ങളിൽ ഓർഡിനറി ബസ് ഇല്ലാത്തതുമൂലമാണ് അവർക്ക് കൺസഷൻ ലഭിക്കാത്തത്. ഫാസ്റ്റ് പാസഞ്ചർ സർവ്വീസാണ് ആ സമയങ്ങളിൽ ഉള്ളത് എന്നതുകൊണ്ട് സ്കൂൾ സമയങ്ങളിൽ കൂടുതൽ ഓർഡിനറി ബസ് കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേശസാൽക്കൃത റൂട്ടുകളാണെങ്കിൽ കണിശമായും പരിഗണിക്കാം. പ്രൈവറ്റുമേഖലയും നമ്മുടെ മേഖലയും ഓപ്പറേറ്റു ചെയ്യുന്നിടത്ത് കുട്ടികളെ കൊണ്ടുവരുന്നതിന്റെ മുഴുവൻ ചുമതലയും കെ. എസ്. ആർ. ടി. സി. ഏറ്റെടുക്കണം എന്നു പറഞ്ഞാൽ ബുദ്ധിമുട്ടുണ്ട്. പ്രൈവറ്റുമേഖലയിലുള്ള ബസ്സുകളിൽ ഈ സൗകര്യങ്ങളൊക്കെ നൽകി കുട്ടികളെ കയറ്റിക്കൊണ്ടുപോകാൻ നിർദ്ദേശം കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly